"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും നിലവിലുള്ള കരാർ ജീവനക്കാരുടെ കരാർ കാലാവധി മൂന്ന് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.758/2022/LSGD  തീയതി,തിരുവനന്തപുരം, 26-03-2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1149/2021/ത.സ്വ.ഭ.വ തീയതി 15.06.2021
2. സ.ഉ.(സാധാ)നം.1496/2021/ത.സ്വ.ഭ.വ തീയതി 09.08.2021
3. സ.ഉ.(സാധാ)നം.1560/2021/ത.സ്വ.ഭ.വ തീയതി 13.08.2021
4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 22.02.2022-ലെ എൻ.ആർ.ഇ.ജി.എ/107/2022-എ3 നമ്പർ കത്ത്
5. നഗരകാര്യ ഡയറക്ടറുടെ 08.03.2022-ലെ ഡി.സി.3-04/2020(1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന കരാർ ജീവനക്കാരിൽ 2022 മാർച്ച് 31-ന് മുൻപായി കരാർ കാലാവധി അവസാനിക്കുന്ന എല്ലാ ജീവനക്കാരെയും 2022 മാർച്ച് 31 വരെ സേവനത്തിൽ തുടരാൻ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സമാനമായ ആനുകൂല്യം അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ജോലി ചെയ്തു വരുന്ന കരാർ ജീവനക്കാർക്കും അനുവദിച്ച് പരാമർശം (3) ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പരിചയ സമ്പന്നരും, വിദഗ്ധ പരിശീലനം ലഭിച്ചതുമായ ജീവനക്കാരെ മതിയായ കാരണങ്ങളില്ലാതെ ഒഴിവാക്കുന്നത് പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നതാണെന്നും നിലവിൽ നടന്നുവരുന്ന സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ GIS അധിഷ്ഠിത നീർത്തട പരിപാലന പ്രവർത്തനങ്ങളും നവ കേരള മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിജയകരമായി നടത്തുന്നതിന് പരിശീലനം നേടിയവരും പരിചയമുള്ളവരുമായ ജീവനക്കാരുടെ സേവനം ഒഴിച്ചുകൂടാനാവാത്തതാണെന്നും ഇതോടൊപ്പം കോവിഡ് മഹാമാരി ദുരിതങ്ങൾ പൂർണ്ണമായും വിട്ടൊഴിയാത്ത സാഹചര്യം കൂടി കണക്കിലെടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വിവിധ വിഭാഗം

കരാർ ജീവനക്കാരെ 2022 മാർച്ച് 31 വരെ പിരിച്ചുവിടുന്നത് വിലക്കുന്ന പരാമർശം (1) ഉത്തരവിന്റെ പ്രാബല്യം അടുത്ത സാമ്പത്തിക വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നത് ഉചിതമായിരിക്കുമെന്ന് തൊഴിലുറപ്പ് മിഷൻ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

3. സമാനമായി, പരാമർശം (3) ഉത്തരവിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് നഗരകാര്യ ഡയറക്ടറും പരാമർശം (5) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1), (2), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സേവനത്തിൽ തുടരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെയും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെയും വിവിധ വിഭാഗം കരാർ ജീവനക്കാരുടെയും 2022 ജൂൺ 30-ന് മുൻപായി കരാർ കാലാവധി അവസാനിക്കുന്ന ജീവനക്കാരുടെയും കരാർ കാലാവധി 2022 ജൂൺ 30 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

To
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ
പഞ്ചായത്ത് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പേറേഷൻ മേയർ /സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കൌൺസിൽ ചെയർമാൻ /സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 26-03-2022 15:38:33**

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്